# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി / JANUARY | 19 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com

---

## വാവര് നടയിൽ മകരവിളക്ക്കാല നടവരവ് 3.1 ലക്ഷം

മകര വിളക്ക് കാലത്തെ വാവർ നടയിലെ വരവ് ഇന്നലെ (19.01.2020) തിട്ടപ്പെടുത്തി. 3,16,278 രൂപയാണ് ആകെ നടവരവ്. മണ്ഡലകാലത്ത് 7,00,593 രൂപയായിരുന്നു വരവ്. ഇതിൽ നാലിൽ ഒരു ഭാഗംമാത്രമാണ് ദേവസ്വത്തിന് അവകാശപ്പെട്ടത്. വാവരുടെ പ്രാതിനിധ്യമുള്ള മല്ലപ്പള്ളി വെട്ടപ്ലാലാക്ക് കുടുംബത്തിലെ വി എസ് അബ് ദുൽ റഷീദ് മുസലിയാരാണ് കാരണവർ. ഏഴ് അംഗങ്ങളാണ് ശബരിമലയിൽ കർമാദി കാര്യങ്ങൾക്ക് ചുമതല.

**(പി.ആർ. ശബരി-378)**

## മതമൈത്രിയുടെ പ്രതീകമായി സന്നിധാനത്തെ വാവര് നട

ഇന്ത്യയിലെ മതമൈത്രിയുടെ ഉദാഹരണമാണ് പതിനെട്ടാം പടിക്ക് താഴെയുള്ള വാവര് സ്വാമിനട. സന്നിധാനത്തെത്തുന്ന ഭക്തർ അയ്യനെ കാണാൻ പതിനെട്ടാംപടി ചവിട്ടുന്നത് വാവര് സ്വാമി നടയിൽ വണങ്ങിയ ശേഷമാണ്. അയ്യപ്പ സ്വാമിയുടെ അംഗ രക്ഷകനും ഉറ്റ

ചങ്ങാതിയുമായിരുന്നു വാവർ. മതസൗഹാർദത്തിന്റെ ഏറ്റവും വലിയ പ്രതീകം തന്നെയാണ്. അയ്യപ്പന്റെയും വാവരുടെയും ചരിത്രപരമായ സൗഹൃദമെന്ന് വാവരുനടയിലെ മുഖ്യകാർമികനും വാവരുടെ പിൻതലമുറക്കാരനുമായ വി എസ് അബ്ദുൾ റഷീദ് മുസലിയാർ പറഞ്ഞു.

വരുന്ന കാലം മുന്നിൽ കണ്ട് ഒരുമിച്ച് കൂടിയവരാണ് അയ്യപ്പനും വാവരും. പുലിപ്പാൽ തേടിയിറങ്ങിയ മണികണ്ഠൻ വാവരുമായി ഏറ്റുമുട്ടുകയും ചങ്ങാതിമാരായി മാറുകയും ചെയ്തു. പിന്നീട് തന്റെ ദൗത്യ നിർവഹണത്തിന് അയ്യപ്പൻ വാവരെ കൂടെ കൂട്ടിയെന്നും ഒടുവിൽ സന്നിധാനത്തിന് സമീപം വാവരെയും കുടിയിരുത്തി എന്നാണ് ഐതീഹ്യമെന്നും അബ്ദുൽ റഷിദ് മുസലിയാർ പറഞ്ഞു.

വാവർ വൈദ്യനും ജ്യോതിഷിയും ആയിരുന്നു. വാവര്സ്വാമി നടയിൽ വണങ്ങുന്ന ഭക്തർക്ക് നൽകുന്നത് അരി, ജീരകം, ചുക്ക്, കുരുമുളക്, ഏലക്ക എന്നീ പഞ്ചകക്കൂട്ടുകൾ കൊണ്ടുണ്ടാക്കിയ പ്രസാദമാണ്. ഇതു ഭക്തന്റെ ജലദോഷം, പനി തുടങ്ങിയ ശാരീരിക അസ്വസ്ഥകൾക്കുള്ള മരുന്ന് കൂടിയാണ്. കൂടാതെ ഭക്തർ കാണിക്കയായി നടയിൽ സമർപ്പിക്കുന്ന കുരുമുളകിൽ അല്പം എടുത്ത ശേഷം ബാക്കി ഭാഗം പ്രാർഥിച്ച് തിരികെ നൽകുകയും ചെയ്യുന്നു. വാവരുടെ ഉടവാൾ സൂക്ഷിച്ചിരിക്കുന്നതിന് ഇടതു ഭാഗത്തായിട്ടാണ് കർമിയിരുന്ന് ഭക്തർക്ക് പ്രസാദം നൽകുന്നത്. പഞ്ചകകൂട്ട് കൂടാതെ ഭസ്മവും ചരടും ഇവിടെ നിന്ന് ഭക്തർക്ക് പ്രസാദമായി നൽകാറുണ്ട്. പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി വായ്പ്പൂർ വെട്ടപ്ലാക്കൽ കുടുംബത്തിലെ തലമുതിർന്ന അംഗമാണ് വാവരുടെ പ്രതിനിധിയും മുഖ കാർമികനുമായി വാവര് നടയിൽ എത്തുക. വാവരുടെ ഊര് എന്നത് ലോപിച്ചാണ് വായ്പ്പൂര് ആയത് എന്നും ഐതീഹ്യമുണ്ട്.

**(പി.ആർ. ശബരി-379)**

# തീർഥാടകർക്ക് കാവലാളായി പോലീസ് അയ്യപ്പന്മാർ

പോലീസിന്റെ പഴുതടച്ച ക്രമീകരണങ്ങൾ മണ്ഡല മകരവിളക്ക് കാലത്തെ സുരക്ഷിതമാക്കി. നിലയ്ക്കൽ മുതൽ സന്നിധാനം വരെ സേവന സന്നദ്ധരായ പോലീസ് അയ്യപ്പന്മാരുടെ സേവനം ലഭിക്കാത്ത ഒരു തീർഥാടകർ പോലുമുണ്ടാകില്ല. ഉദ്യോഗസ്ഥരുടെ കറകളഞ്ഞ സേവനത്തോടൊപ്പം തന്നെ സുരക്ഷക്കായുള്ള പുതിയ തലമുറ സാങ്കേതിക ഉപകരണങ്ങളുടെ പ്രവർത്തനവും ഈ മണ്ഡലകാലം സുഗമമാക്കുന്നതിൽ പ്രധാനപങ്ക് വഹിച്ചിട്ടുണ്ട്. അത്യാധുനിക സുരക്ഷാ ഉപകരണങ്ങൾ ശബരിമല തീർഥാടനത്തിന് ഉപയോഗിക്കാൻ വേണ്ടി മാത്രം കേരളാപോലീസ് സ്വന്തമാക്കിയിട്ടുണ്ട്.

ഭൂമിക്കടിയിൽ രണ്ടര മീറ്റർ താഴ്ചയിൽ മൈൻ ഉൾപ്പടെയുള്ള സ്ഫോടകവസ്തുക്കളുടെ സാന്നിധ്യം തിരിച്ചറിയുന്ന മൈൻസീപ്പർ ആണ് അതിൽ പ്രധാനം. അമേരിക്കൻ നിർമിതമായ ഈ ഉപകരണം സൈന്യം ഉപയോഗിക്കുന്നതാണ്. 48 ലക്ഷം രൂപ വിലയുള്ള മൈൻസീപ്പർ 10 എണ്ണം ശബരിമലയിലെ ആവശ്യത്തിനായി മാത്രം, കേരളാപോലീസ് കരുതി.

ഭൂമിക്കടിയിലൂടെ ഇലക്ട്രിക് വയറുകൾ പോലുള്ളവ കടന്നുപോയിട്ടുണ്ടെങ്കിൽ തിരിച്ചറിയാൻ സധിക്കുന്ന എൻ എൽ ജെ ഡി. കമാൻഡോ ഓപ്പറേഷന് ഉപയോഗിക്കുന്ന ശക്തിയേറിയ വെളിച്ചം നൽകുന്ന ടോർച്ചുകൾ തുടങ്ങിയവയും പോലിസിന്റെ സംവിധാനങ്ങളിൽ ഉൾപ്പെടും. പോലീസിന്റെ സ്നേഹത്തോടെയുള്ള പെരുമാറ്റവും സഹായവും അന്യസംസ്ഥാനങ്ങളിൽ നിന്നുമെത്തുന്ന അയ്യപ്പഭക്തരുടെ പ്രശംസപിടിച്ചു പറ്റി.

**(പി.ആർ. ശബരി-380)**



**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**

| ജനുവരി | | |
|---|---|---|
| JANUARY | 19 | 2020 |



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com

---

### മകരമാസ പൂജകൾ പൂർത്തിയാക്കി ശബരിമല ക്ഷേത്ര തിരുനട 21ന് അടയ്ക്കും;ഭക്തജനങ്ങൾക്ക് ദർശനം ഇന്ന് കൂടി മാത്രം (ജനു 20)

മകരമാസ പൂജകൾ പൂർത്തിയാക്കി ശബരിമല ക്ഷേത്ര തിരുനട 21 ന് രാവിലെ 6 മണിക്ക് അടയ്ക്കും. അയ്യപ്പഭക്തർക്ക് ഇന്ന് (ജന 20 ) തീയതി രാത്രി വരെ മാത്രമെ ദർശനം ഉണ്ടായിരിക്കുകയുള്ളൂ. 21 ന് പുലർച്ചെ 3 മണിക്ക് ക്ഷേത്ര ശ്രീകോവിൽ നട തുറക്കും. ജലാഭിഷേകവും പാലഭിഷേകവും ഇളനീർ അഭിഷേകവും നടക്കും. തുടർന്ന് ഗണപതി ഹോമം. അതിനു ശേഷം ശബരിമല അയ്യപ്പ ശ്രീകോവിലിനു മുന്നിൽ നിന്നും തിരുമുറ്റത്തു നിന്നും എല്ലാവരും, പന്തളം രാജപ്രതിനിധിക്ക് ദർശനം നടത്തുന്നതിനു വേണ്ടി ഒഴിഞ്ഞു കൊടുക്കും.രാജപ്രതിനിധി ഉത്രം നാൾ പ്രദീപ് കുമാർ വർമ്മ അയ്യപ്പദർശനം പൂർത്തിയാക്കുന്നതോടെ ഹരിവരാസനം പാടി ക്ഷേത്രനട അടയ്ക്കും.20-ാം തീയതിയും പുലർച്ചെ 3 മണിക്ക് ആണ് നട തുറക്കുന്നത്.20ന് 8.30 ന് അത്താഴപൂജ കഴിഞ്ഞാൽ 9.20ന് ഹരിവരാസന പാടി 9.30 മണിക്ക് നട അടക്കും. ശേഷം മാളികപ്പുറത്ത് ഗുരുതി നടക്കും.

21 ന് ക്ഷേത്ര നട അടച്ച ശേഷം താക്കോലുമായി ക്ഷേത്ര മേൽശാന്തി പതിനെട്ടാം പടി യുടെ താഴെ എത്തി രാജ പ്രതിനിധിക്ക് താക്കോലും ക്ഷേത്ര നട വരവിന്റെ പണക്കിഴിയും കൈമാറും. അത് ഏറ്റുവാങ്ങിയ ശേഷം രാജപ്രതിനിധി ഒരു പണക്കിഴി അടുത്ത ഒരു വർഷത്തേക്കുള്ള ക്ഷേത്ര ചെലവുകൾക്കായി മേൽശാന്തിക്ക് തിരികെ നൽകും. ഇതോടെ ആചാര പ്രകാരമുള്ള എല്ലാ ചടങ്ങുകളും പൂർത്തിയാകും. പിന്നെ കുംഭമാസ പൂജകൾക്കായി ക്ഷേത്രനട തുറക്കുന്നത് ഫെബ്രുവരി 13ന് വൈകിട്ടായിരിക്കും.

**(പി.ആർ. ശബരി-381)**

## ശബരിമല നാളത്തെ(20-01-2020)ചടങ്ങുകൾ

| | |
|---|---|
| പുലർച്ചെ 2.45ന് | പള്ളിയുണർത്തൽ |
| 3 മണിക്ക് | തിരുനട തുറക്കൽ |
| 3.05 ന് | നിർമ്മാല്യ ദർശനം |
| 3.10 ന് | അഭിഷേകം |
| നെയ്യഭിഷേകം ഉണ്ടാകില്ല. | |
| 3.30 ന് | ഗണപതിഹോമം |
| 7.30 ന് | ഉഷപൂജ |
| 12.30ന് | ഉച്ചപൂജ |
| 1 മണിക്ക് | ക്ഷേത്ര നട അടയ്ക്കും |
| വൈകിട്ട് 4 മണിക്ക് | തിരുനട തുറക്കൽ |
| 6.30ന് | ദീപാരാധന |
| 6.40 ന് | പടിപൂജ |
| 7ന് | പുഷ്പാഭിഷേകം |
| 8.30 ന് | അത്താഴപൂജ |

9.20ന് ഹരിവരാസനം പാടി 9.30 ന് മണിക്ക് നട അടയ്ക്കും


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.